Malayala Manorama
മലയാള മനോരമ




ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സിലെ എൻവിസ് കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന രാജ്യാന്തര ഓസോൺ ദിനാചരണ ചടങ്ങിൽ നിന്ന്.

# രാജ്യാന്തര ഓസോൺ ദിനാചരണം നടത്തി

കോയമ്പത്തൂർ● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സിലെ എൻവിസ് (എൻവയൺമെന്റൽ ഇൻഫർമേഷൻ സിസ്റ്റം) കേന്ദ്രം രാജ്യാന്തര ഓസോൺ ദിനം ആചരിച്ചു.

കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായി നടത്തിയ പരിപാടി ഐഎഫ്ജിടിബി ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു.

'ഓസോൺ ജീവന്: 35 വർഷത്തെ ഓസോൺ പാളി സംരക്ഷണം' എന്ന വിഷയത്തിൽ വന, ജനിതക ശാസ്ത്രജ്ഞനും എൻവിസ് കോഓർഡിനേറ്ററുമായ ഡോ. കണ്ണൻ വാരിയർ മുഖ്യപ്രഭാഷണം നടത്തി.

ഓസോൺ സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി നടത്തിയ ക്വിസ് മത്സരത്തിൽ പങ്കെടുത്തവർക്ക് ഇ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## ബഹിരാകാശ കേന്ദ്രം: സ്ഥലമെടുപ്പ് 6 മാസത്തിനകം

ചെന്നൈ ● തൂത്തുക്കുടിയിലെ നിർദിഷ്ട ബഹിരാകാശ കേന്ദ്രത്തിനായുള്ള (സ്പേസ് ലോഞ്ച് സെന്റർ) സ്ഥലം ഏറ്റെടുപ്പ് 6 മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നു കേന്ദ്ര സർക്കാർ ലോക്സഭയെ അറിയിച്ചു.

The Parli Service Co - operative
Bank Ltd., No .F. 6808
P. O. Parli, Palakkad Dist. 678612
Phone: 0491 2856241.
Branch: Edathara, Phone: 2858241

News in Manorama, 17.09.2020, Observance of World Ozone Day by IFGTB ENVIS.